വകയിരുത്തിയിട്ടില്ലാത്തതിനാലും സ്പെഷ്യൽ ഓഫീസറുടെ മേൽ നോട്ടത്തിൽ അംബേദ്കർ ഗ്രാമങ്ങളിലെ വർക്കുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയില്ല. ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ വിഷയമായതിനാൽ ഈ പണികൾ അവർ തന്നെ ചെയ്യേണ്ടിവരും .

കടബാദ്ധ്യതയിൽനിന്നും ഒഴിവാക്കാൻ പദ്ധതി

18 (841) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എം. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരെ കടബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ വിഭാഗക്കാരുടെ കടബാദ്ധ്യത എഴുതിതള്ളുന്നതിനുള്ള ശുപാർശ പരിശോധനയിലാണ്.

എല്ലാവർക്കും കക്കൂസ് നൽകുന്ന പദ്ധതി

19 (842) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണം വഴി കക്കൂസില്ലാത്ത എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു കൊടുത്തിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കണക്ക് ശേഖരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ കാലയളവിൽ ഇതിനുവേണ്ടി വിനിയോഗിച്ച പണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) എല്ലാവർക്കും കക്കൂസ് നൽകുക എന്ന പദ്ധതി നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കൈകൊണ്ടുവരുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly